"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ പുതുതായി രൂപീകരിച്ച നേഴ്സിംഗ് കോളേജുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് അനുവദിച്ചിട്ടുള്ള തുക അതാത് നേഴ്സിംഗ് കോളേജ് പ്രിൻസിപ്പൽമാർക്ക് കൈമാറുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.613/2024/H&FWD തീയതി,തിരുവനന്തപുരം, 29-02-2024

---

പരാമർശം:-

1. സ.ഉ. (അച്ചടി) നം. 102/2017/ധന തീയതി 07.08.2017
2. സ.ഉ. (കൈ) നം.190/2023/ആ.കു.വ തീയതി 05.08.2023.
3. സ.ഉ. (കൈ) നം.198/2023/ആ.കു.വ തീയതി 12.08.2023.
4. സ.ഉ. (കൈ) നം.273/2023/ആ.കു.വ തീയതി 05.10.2023.
5. 19.12.2023 തീയതിയിലെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ സി2/5319/2023/മെ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (2) ഉത്തരവ് പ്രകാരം തിരുവനന്തപുരം നഴ്സിംഗ് കോളേജിനോടനുബന്ധമായി അധിക ബാച്ച് ഉൾപ്പെടെ സംസ്ഥാനത്ത് ആറ് പുതിയ സർക്കാർ നേഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ സർക്കാർ ഭരണാനുമതി നൽകി. പരാമർശം (4) ഉത്തരവ് പ്രകാരം ടി സർക്കാർ നേഴ്സിംഗ് കോളേജുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള നേഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിലിന്റെ തനത് ഫണ്ടിൽ നിന്നും ഗ്രാന്റായി അനുവദിച്ചിട്ടുള്ള ആറ് കോടി രൂപയ്ക്ക് ഭരണാനുമതിയും ക്രയാനുമതിയും നൽകുകയുണ്ടായി.

2. യുദ്ധകാലാടിസ്ഥാനത്തിൽ തുടങ്ങിയ പുതിയ നേഴ്സിംഗ് കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പരാമർശം (4) പ്രകാരം ഭരണാനുമതിയും ക്രയാനുമതിയും നൽകിയിട്ടുള്ള 239.62 ലക്ഷം രൂപയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഭരണാനുമതിയും ക്രയാനുമതിയും നൽകിയിട്ടുള്ള 89,36,155/- രൂപയും ഉൾപ്പെടെ ആകെ 3,28,98,155/- രൂപ ചുമതലയുള്ള അതാത് പ്രിൻസിപ്പൽമാർക്ക് അടിയന്തിരമായി അയച്ചു നൽകേണ്ടതുണ്ട് എന്നും ആറു പുതിയ നേഴ്സിംഗ് കോളേജുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായുണ്ടാകുന്ന എല്ലാ ബില്ലുകളും മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ നിന്ന് തന്നെ ഗുണഭോക്താവിനു മാറി നൽകുന്നത് പ്രായോഗികമല്ല എന്നും ആയതിനാൽ, പുതിയ നേഴ്സിംഗ് കോളേജുകൾക്ക് അനുവദിച്ചിട്ടുള്ള തുക ചുമതലയുള്ള അതാത്

നേഴ്സിംഗ് കോളേജുകളിലെ പ്രിൻസിപ്പൽമാർക്ക് പൂർണമായും നൽകുന്നതിനും ഇത് സംബന്ധിച്ച് പരിപൂർണ ഉത്തരവാദിത്തം പ്രിൻസിപ്പൽമാരിൽ നിക്ഷിപ്തമാക്കിക്കൊണ്ടും തുക മുൻകൂറായി മാറി നൽകുന്നതിനുള്ള അനുമതി നല്കണമെന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം 5 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ഭരണാനുമതിയും ക്രയാനുമതിയും നൽകിയിട്ടുള്ള 239.62 ലക്ഷം രൂപയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായ ധനവിനിയോഗാധികാരം ഉപയോഗിച്ച് ഭരണാനുമതിയും ക്രയാനുമതിയും നൽകിയിട്ടുള്ള 89,36,155/- രൂപയും ഉൾപ്പെടെ ആകെ 3,28,98,155/- രൂപ അനുവദിച്ചത് സ.ഉ. (അച്ചടി) നം. 102/2017/ധന തീയതി 07.08.2017 - ലെ നിബന്ധനകൾ പാലിച്ചുകൊണ്ടാകയാൽ, ടി തുക ബന്ധപ്പെട്ട നേഴ്സിംഗ് കോളേജ് പ്രിൻസിപ്പൽമാർക്ക് കൈമാറി ബില്ലുകൾ തീർപ്പാക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEJITH V P

ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജോയിന്റ് ഡയറക്ടർ ഓഫ് നേഴ്സിംഗ് എഡ്യൂക്കേഷൻ, തിരുവനന്തപുരം (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ആഫീസ്).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by

Prijith G.

സെക്ഷൻ ഓഫീസർ

Date: 29-02-2024 11:07:07